# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 282    11.06.2012 -ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ സാമൂഹ്യ വിരുദ്ധരുടെ ആക്രമണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ കെ.കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിൽ വർഗ്ഗീയകലാപം ലക്ഷ്യമിട്ടുള്ള, സാമൂഹ്യവിരുദ്ധരുടെ എത്ര ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;<br><br>ബി) ഇവയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ആരൊക്കെയാണ് പ്രതികൾ ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വിശദമാക്കാമോ ; | (എ) & (ബി)<br><br>ആറ് സംഭവങ്ങളിലായി ആറ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അറസ്റ്റ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) 08.01.2012 -ന് കഞ്ചത്തൂർ (മഞ്ചേശ്വരം) ഭജന മന്ദിരത്തിന്റെ ബോർഡിന് പച്ചനിറത്തിലുള്ള പെയിന്റ് പൂശിയ സംഭവം സംബന്ധിച്ച് മഞ്ചേശ്വരം PS Cr.No.16/12 u/s 153 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.<br>2) 10.01.2012- ന് ഒളവറ മുണ്ട്യക്കാവ് ക്ഷേത്ര ഗേറ്റിലും ഭണ്ഡാരത്തിനും പച്ച പെയിന്റ് പൂശി വികൃതമാക്കിയതുമായി ബന്ധപ്പെട്ട് ചന്ദേര PS Cr.No. 19/12 u/s 143,147,153(A), 120 (b) r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തിരിച്ചറിയപ്പെട്ട പ്രതികളായ (1) സന്തോഷ്.ടി. S/o സോമൻ, (2) സുമേഷ്.ടി S/o കണ്ണൻ, (3) രജീഷ് ടി S/o രാഘവൻ, (4) വിജേഷ് @ വിജയൻ S/o കൃഷ്ണൻ, (5) വിപിൻ. കെ S/o ഗോവിന്ദൻ, (6) സജ്ഞീപ്. ടി S/o ഗോവിന്ദൻ, (7) ഷാജുലാൽ S/o ബാലൻ എന്നിവരിൽ നാലാം പ്രതി ഒഴികെ ബാക്കിയുള്ളവരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>3) 11.02.2012-ന് മീപ്പുഗിരി (കാസർഗോഡ്) ശ്രീ ദുർഗ്ഗാ പരമേശ്വരി ക്ഷേത്ര വിളക്കുകാലിൽ പോത്തിന്റെ തല (പഴക്കം ചെന്നത്) തൂക്കിയിട്ട സംഭവം സംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ Cr.No. 178/12 u/s 143,147,447,295,153 (A) r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തിരിച്ചറിയപ്പെട്ട പ്രതികളായ (1) മുഹമ്മദ് ബിലാൽ S/o ഉസ്മാൻ, (2) ദിൽഷാദ് S/o മുഹമ്മദ്, (3) ഷിഹാബ് ഉൽഹക്ക് (4) മുഹമ്മദ് ജാബിർ, (5) റിയാസ് എന്നിവരിൽ ഒന്നും മൂന്നും നാലും പ്രതികളെ അറസ്റ്റു ചെയ്തു. |